പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1458

14/12/2012 - ൽ മറുപടിയ്ക്ക്

## ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ആർ. സെൽവരാജ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു ; | (എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആജീവിക പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :- |

1. സമൂഹത്തിലെ നിരാലംബർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, തീരദേശനിവാസികൾ, ആശ്രയ ഗുണഭോക്താകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയും അതുവഴി അവരുടെ സാമ്പത്തിക - സാമൂഹിക ഉന്നമനത്തിന് സഹായകമാകുന്ന വിധത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുക.
2. അയൽക്കൂട്ട ഗ്രൂപ്പുകളുടെ സാമ്പത്തിക അച്ചടക്കം വർദ്ധിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, അയൽക്കൂട്ട അംഗങ്ങൾക്ക് ബാങ്ക് വായ്പ സുഗമമായി തിരിച്ചടയ്ക്കുന്നതിനുള്ള സേവനങ്ങൾ, വർദ്ധിച്ച പലിശ നിരക്കുകളുള്ള മറ്റു പണമിടപാടു സ്ഥാപനങ്ങളെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ആശ്രയിച്ചു വരുന്ന പ്രവണത കുറയ്ക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുക.
3. കുടുംബശ്രീ മിഷന്റെ നിലവിലുള്ള ഉപജീവന മാർഗ്ഗങ്ങളും പദ്ധതികളുമായ മൃഗ സംരക്ഷണം, മത്സ്യബന്ധനം, സൂക്ഷ്മ സംരംഭങ്ങൾ, സംഘകൃഷി, സമഗ്ര പദ്ധതികൾ, വിപണന ഉപാധികൾ എന്നിവ എൻ.ആർ.എൽ.എം പദ്ധതിയുമായി സംയോജിപ്പിച്ച് കൂടുതൽ വിപുലമാക്കുക.

മേൽ പറഞ്ഞ മൂന്നു മേഖലകളിലും ആവശ്യമായ വൈദഗ്ദ്ധ്യ പരിശീലനം പിന്തുണാ സഹായങ്ങളും എൻ.ആർ.എൽ.എം.ന്റെ ഭാഗമായി കുടുംബശ്രീ മിഷൻ ഏറ്റെടുത്തു നൽകുന്നു.

| | | |
|---|---|---|
| (ബി) മിഷന്റെ നിർവ്വഹണം സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; | (ബി) | എൻആർഎൽഎം പദ്ധതി നടപ്പിലാ ക്കുന്നതിന് ഫ്രെയിം വർക്ക് ഓഫ് ഇംപ്ലിമെന്റേഷൻ, പാർട്ട്ണർഷിപ്പ് ഫ്രെയിം വർക്ക് എന്നിങ്ങനെ രണ്ട് മാർഗ്ഗ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ രണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് എൻആർഎൽഎം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) മാനദണ്ഡങ്ങൾ അനുസരിച്ച് നിർവ്വഹണം നടത്തേണ്ട ചുമതല ആർക്കായിരുന്നു; | (സി) | കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം കുടുംബശ്രീ മിഷനാണ് സംസ്ഥാനത്ത് എൻആർഎൽഎം പദ്ധതിയുടെ നോഡൽ ഏജൻസി. |
| (ഡി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത മാനദണ്ഡങ്ങൾ ലംഘിച്ചാണ് മിഷന്റെ നിർവ്വഹണം കുടുംബശ്രീയെ ഏൽപ്പിച്ചതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ